**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4615** **13-03-2023 - ൽ മറുപടിയ്ക്ക്**

**ജപ്തി നടപടി നേരിടുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ബാങ്ക് വായ്പകൾ തിരിച്ചടയ്ക്കാൻ സാധിക്കാതെ ജപ്തി നടപടി നേരിടുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട താഴ്ന്ന വരുമാനക്കാരായ കുടുംബങ്ങൾക്ക് പലിശ ഒഴിവാക്കി വായ്പ ഗഡുക്കളായി തിരിച്ചടയ്ക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (എ) | ജപ്തി നടപടി നേരിടുന്ന പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട താഴ്ന്ന വരുമാനക്കാരായ കുടുംബങ്ങൾക്ക് പലിശ ഒഴിവാക്കി വായ്പ ഗഡുക്കളായി തിരിച്ചടയ്ക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് പരിശോധിക്കുന്നതാണ്.<br><br>കേരള സംസ്ഥാന സഹകരണ ബാങ്ക് നടപ്പിലാക്കുന്ന നവകേരളീയം കുടിശ്ശിക നിവാരണം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ കേരള ബാങ്കിൽ നിന്നും എടുത്ത വായ്പകൾ തിരിച്ചടയ്ക്കാൻ സാധിക്കാതെ ജപ്തി നടപടി നേരിടുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ഒരു ലക്ഷം രൂപവരെയുള്ള വായപകളിൽ പലിശ പൂർണ്ണമായും ഒഴിവാക്കി മുതൽ മാത്രം അടച്ച് വായ്പാകണക്ക് അവസാനിപ്പിക്കുന്നതിന് നിലവിൽ വ്യവസ്ഥചെയ്തിട്ടുണ്ട്. 31/03/2023 വരെയാണ് ടി കുടിശ്ശിക നിവാരണ പദ്ധതി നിലവിലുള്ളത്. എന്നാൽ പ്രാഥമിക സഹകരണ സംഘങ്ങൾ വഴി നടപ്പാക്കുന്ന കുടിശ്ശിക നിവാരണം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിനായി പ്രത്യേക പദ്ധതികളൊന്നും പ്രഖ്യാപിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ